"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - പാലക്കാട് ജില്ല - ചെമ്പലങ്ങാട് കോണ്ടപ്പുറം കോളനി റോഡ് - ഭരണാനുമതി പുതുക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.218/2025/DMD തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:- 1. 01.07.2023 തീയതിയിലെ സ. ഉ. (സാധാ) നം. 416/2023/ഡി.എം.ഡി.

2. പാലക്കാട് ജില്ലാകളക്ടറുടെ 20.02.2025 ലെ DCPKD/13568/2023-J7 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച പട്ടാമ്പി ബ്ലോക്കിൽ ഉൾപ്പെട്ട പരുതൂർ ഗ്രാമപഞ്ചായത്തിലെ ചെമ്പലങ്കാട് കോണ്ടപ്പുറം കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരികരിക്കുന്നതിൽ പ്രൈസ് സോഫ്റ്റ് വെയറിൽ വന്ന സാങ്കേതിക തടസ്സം, എഗ്രിമെന്റ് നടപടികൾക്ക് വന്ന കാലതാമസം എന്നിവ കാരണമാണ് ഭരണാനുമതി കാലാവധിക്കുള്ളിൽ പ്രവൃത്തി ചെയ്യാൻ സാധിക്കാതിരുന്നതെന്നും ആയതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പട്ടാമ്പി ബ്ലോക്കിൽ ഉൾപ്പെട്ട പരുതൂർ ഗ്രാമപഞ്ചായത്തിലെ ചെമ്പലങ്കാട് കോണ്ടപ്പുറം കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി മുൻ ഭരണാനുമതി തുകയിൽ മാറ്റം വരാതെ പുതുക്കി (ഒരു വർഷം) നൽകി ഉത്തരവാകുന്നു. പ്രസ്തുത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്ന് പാലക്കാട് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

3. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/81/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 05-04-2025 13:02:03
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്